# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2317: 23/03/2012- ൽ മറുപടിക്ക്**

## 'മിനിമം ഗ്യാരണ്ടി സ്കീം' വൈദ്യുത വകുപ്പ് പിൻവലിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 'മിനിമം ഗ്യാരണ്ടി സകീം' വൈദ്യുതി വകുപ്പ് പിൻവലിച്ചതു മൂലം സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 28/10/2011 – ലെ ബി.ഒ. (എഫ് എം) നം. 2536/2011 KSEB/ TRAC/ S.Code/SCC/R2/09 ബോർഡ് ഓർഡർ അനുസരിച്ച് 2005- ലെ സപ്ളൈകോഡിലെ നിബന്ധനകൾ പാലിക്കണമെന്ന് ഉത്തരവ് നൽകിയിരുന്നു. സപ്ലൈകോഡിൽ മിനിമം ഗാരന്റിയെ സംബന്ധിച്ചുള്ള പരാമർശം വരാത്തതിനാൽ വൈദ്യുതി കണക്ഷൻ മിനിമം ഗ്യാരന്റി പദ്ധതിയിലൂടെ ലഭിക്കുന്നില്ല എന്ന് കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ നിവേദനം നൽകിയിരുന്നു. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | മിനിമം ഗാരന്റി പദ്ധതിയനുസരിച്ച് വൈദ്യുതി കണക്ഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കുന്നില്ല എന്നുള്ള കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ നിവേദനത്തിലൂടെ അറിയിച്ചതനുസരിച്ച് ജില്ലകളിൽ നിന്നും വിവരം ശേഖരിച്ച് നൽകാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരെ ചുമതലപ്പെടുത്തി റിപ്പോർട്ട് ശേഖരിച്ചു വരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് നിവേദനം സമർപ്പിക്കുകയും റഗുലേറ്ററി കമ്മിഷൻ 28/10/2011 വരെ മിനിമം ഗാരന്റി എഗ്രിമെന്റ് |

നൽകാൻ ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005 വകുപ്പ് 7(1) പ്രകാരം, വൈദ്യുതി കണക്ഷൻ ആവശ്യമുള്ള വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിന് അധികാരമുണ്ട്. കമ്മീഷൻ 25/08/11-ലും 10/11/2011-ലും പുറപ്പെടുവിച്ച ഉത്തരവുകളിൽ സപ്ലൈകോഡിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ കണക്ഷനുകൾ നൽകാവൂ എന്നും കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് അപേക്ഷകരിൽ നിന്നും ഈടാക്കാവൂ എന്നും നിർദ്ദേശിച്ചിരുന്നു.

എന്നാൽ മിനിമം ഗ്യാരണ്ടി ഉടമ്പടി ഒപ്പ് വെച്ചിട്ടുള്ള അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് 28/10/11 ന് മുമ്പ് ഉടമ്പടി ഒപ്പ് വെച്ചിട്ടുള്ള അപേക്ഷകർ നിലവിലുണ്ടായിരുന്ന രീതിയിൽ തന്നെ കണക്ഷനുകൾ നൽകുവാൻ വേണ്ട നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. പുതിയ അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിനാവശ്യമായ തുക 60 മാസങ്ങൾ വരെയുള്ള തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം സപ്ലൈകോഡ് 6-ാം വകുപ്പ് പ്രകാരം ബോർഡ് അനുവദിക്കുന്നുണ്ട്. അപേക്ഷകർക്ക് ആവശ്യമെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ